**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5074 27.06.2019 ൽ മറുപടിക്ക്

## സമൂഹമാധ്യമങ്ങളിലൂടെയുള്ള പരാമർശങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി. ഉണ്ണി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തി കരമായ പരാമർശങ്ങൾ നടത്തുന്ന വർക്കെതിരെ സ്വമേധയാ കേസെടുത്ത് അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ; | (എ) ബഹു.സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (ക്രിമിനൽ നമ്പർ 167/2012) മേലുള്ള ഉത്തരവിൻ പ്രകാരം 66(A) of Information Technology Act റദ്ദാക്കിയിട്ടുള്ളതിനാൽ സമൂഹ മാധ്യമങ്ങളിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ സ്വമേധയാ കേസെടുക്കാൻ നിലവിൽ നിർവ്വാഹമില്ലാത്തതാകുന്നു. |
| (ബി) ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷി ക്കുന്നതിനും നടപടിയെടുക്കുന്നതിനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ബി) സമൂഹമാധ്യമങ്ങളിലൂടെ അപകീർത്തി കരമായ പരാമർശങ്ങൾ നടത്തുന്ന വർക്കെതിരെ പരാതി പ്രകാരമാണ് നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നത്. ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും, നടപടി എടുക്കുന്നതിനും നിലവിൽ എല്ലാ ജില്ലാ ആസ്ഥാനത്തും സൈബർ സെല്ലിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ